**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1443**

**02/03/2017 ൽ മറുപടിയ്ക്ക്**

**കശുവണ്ടി ഫാക്ടറികളുടെ ആധുനീകവൽക്കരണം**

**ചോദ്യം**
**ശ്രീ.പി.ടി.തോമസ്**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി ഫാക്ടറികൾ ആധുനീകവൽക്കരിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 ൽ എന്ത് തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2016-17 സാമ്പത്തിക വർഷം ആധുനീകവൽക്കരണത്തിനും ഭാഗികമായ യന്ത്രവൽക്കരണത്തിനും മറ്റും 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തും ഫാക്ടറികൾ ഉടൻ തുറന്ന് പ്രവർത്തിക്കേണ്ട ആവശ്യം പരിഗണിച്ചും പ്രസ്തുത തുക ഉപയോഗിച്ച് കോർപ്പറേഷന്റെ പ്രവർത്തനരഹിതമായ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനും തൊഴിലാളികളുടെ ബോണസ് മുതലായവ നൽകുന്നതിനും ചെലവഴിച്ചിട്ടുള്ളതാണ്.<br>കാപെക്സിന് ഈ ആവശ്യത്തിലേക്കായി 2015-16 ലേക്കുള്ള ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 8 കോടി രൂപ E-LAMS വഴി 2016-17 സാമ്പത്തിക വർഷം അനുവദിക്കുകയുണ്ടായി. കൂടാതെ 2016-17 സാമ്പത്തിക വർഷം ഇതിനായി 8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും, 4 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ തുക ഉപയോഗിച്ച് ഏതെല്ലാം ഫാക്ടറികൾ ആധുനീകവൽക്കരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) & | |
| (സി) | ഇക്കാര്യത്തിനായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) | |

സെക്ഷൻ ഓഫീസർ